**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1947** **08-02-2023 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് ഗോപാൽ രത്ന പുരസ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് ഗോപാൽ രത്ന പുരസ്കാരം ലഭ്യമായതിന് സഹായകരമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് ഗോപാൽരത്ന പുരസ്കാരം ലഭ്യമായത് താഴെ പറയുന്ന പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പിലാക്കിയത് മൂലമാണ്.<br><br>1. സംഘം നടത്തുന്ന പാൽ ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>2. സംഘത്തിന്റെ കേന്ദ്രീകൃത പാൽ സംഭരണം.<br>3. സംഘം പാൽ സംഭരിക്കുന്നതിലും വിപണനം നടത്തുന്നതിലും കൂടാതെ സംഘത്തിന്റെ മൊത്തത്തിലുള്ള ഗുണനിലവാര പ്രവർത്തനങ്ങൾ.<br>4. സംഘത്തിന്റെ പാൽ പരിശോധിക്കുന്ന തിലെ കൃത്യത.<br>5. സംഘത്തിലെ കർഷകർക്ക് അവർ അളക്കുന്ന പാലിന്റെ വില Online ആയി നൽകുന്നതും കർഷകർ ആവശ്യപ്പെടുന്ന അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പാൽവില നൽകുന്നതിനുമുള്ള സംവിധാനം.<br>6. കർഷകർക്ക് ടിക്കറ്റ് മെഷീൻ ഉപയോഗിച്ച് പാൽവില പ്രിന്റഡ് സ്ലിപ്പുകളായി നൽകുന്നസംവിധാനം.<br>7. ഒന്നര കിലോമീറ്ററിനുള്ളിൽ കളക്ഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തനം വിപുലമാക്കിയത്.<br>8. കർഷകർക്ക് വെറ്ററിനറി സേവനങ്ങൾ എത്രയും പെട്ടന്ന് ലഭ്യമാക്കുന്നതിനുള്ള സംവിധാനം.<br>9. പാൽ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സംഘത്തിലെ ഭരണസമിതിയുടേയും ജീവനക്കാരുടേയും മിൽമയുടേയും വകുപ്പ് ഉദ്യോഗസ്ഥരുടേയും കർഷക ഭവന സന്ദർശനം. |

| | | | |
|---|---|---|---|
| | | | 10. പാൽഗുണനിലവാരം ഉറപ്പാക്കുന്നതിനായി കർഷക സമ്പർക്ക പരിപാടികൾ സംഘടിപ്പിക്കുന്നത്.<br>11. കർഷകർക്ക് മിതമായ നിരക്കിൽ കാലിത്തീറ്റയും മിനറൽ മിക്സ്ചറുകളും സംഘത്തിലൂടെ വിതരണം നടത്തുന്നു. പാൽ ഗുണ നിലവാരം കുറഞ്ഞ കർഷകർക്കായി കുറഞ്ഞ നിരക്കിൽ മിനറൽ മിക്സ്ചറുകൾ ലഭ്യമാക്കുന്നത്.<br>12. കർഷകരുടെ വളർത്തു മൃഗങ്ങൾക്കായി ഇൻഷുറൻസ് ക്യാമ്പ്, ചികിത്സാ സഹായം, വാക്സിനേഷൻ ക്യാമ്പ് എന്നിവ സംഘടിപ്പക്കുന്നു. |
| (ബി) | ഇത്തരം മാതൃകകൾ പിന്തുടർന്ന് സംസ്ഥാനത്തെ മുഴുവൻ ക്ഷീര സഹകരണ സംഘങ്ങളെയും ദേശീയ നിലവാരത്തിൽ മുൻപന്തിയിലാക്കാൻ ക്ഷീരവികസന വകുപ്പ് നടപടി സ്വീകരിക്കുമോ; | (ബി) | പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഗോപാൽ രത്ന പുരസ്കാരം നേടിയ മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് കൂടുതൽ പിന്തുണ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനുമായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് ക്ഷീരവികസന വകുപ്പ് പിന്തുണ നൽകുന്നതാണ്.<br><br>ഗോപാൽ രത്ന പുരസ്കാരം നേടിയ മാനന്തവാടി ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് മിൽമയുടെ മേഖലാ യൂണിയൻറെ ഭാഗത്തുനിന്നും എല്ലാവിധ സഹായങ്ങളും നൽകിയിട്ടുണ്ട്. തുടർന്നും മേഖലാ യൂണിയൻറെ എല്ലാ തരത്തിലുമുള്ള സഹായ സഹകരണങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ